**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3515** **05-08-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. വകുപ്പിൽ പുനർവിന്യാസത്തിന്റെ ഭാഗമായി ഏതെങ്കിലും വിഭാഗം ജീവനക്കാരെ മറ്റ് വകുപ്പുകളിലേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ ഏത് വിഭാഗം ജീവനക്കാരെ ഏതെല്ലാം വകുപ്പുകളിലേക്കാണ് പുനർവിന്യസിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി നടപ്പിലാക്കിയതോടെ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ അധികം വന്ന തസ്തികകൾ പഞ്ചായത്തുകളിലേക്ക് വിന്യസിക്കേണ്ടതാണ് എന്ന് 2020-2021 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇപ്രകാരം 234 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ വകുപ്പിൽ അധികമായുള്ളതായി കണ്ടെത്തുകയുണ്ടായി. 25.01.2020 തീയതിയിലെ സ.ഉ(കൈ) നം.14/2020/നികുതി, 29/05/2020 തീയതിയിലെ സ.ഉ (കൈ) നം.46/2020/നി.വ എന്നീ ഉത്തരവുകൾ പ്രകാരം ആകെ 26 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലേക്കും, 02/07/2021 തീയതിയിലെ സ.ഉ (കൈ) നം.35/2021/നികുതി പ്രകാരം 208 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ പഞ്ചായത്ത് വകുപ്പിലേക്കും, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ കേഡർ സ്ട്രെങ്ങ്തിൽ നിന്നും കുറവ് വരുത്തിയശേഷം മാറ്റി വിന്യസിച്ചിട്ടുണ്ട്. വിരമിക്കൽ, ബൈ ട്രാൻസ്ഫർ, പ്രൊമോഷൻ, പുതിയ ജോലി ലഭിച്ചു കാരണം വകുപ്പിൽ നിന്നും വിട്ടുതൽ ചെയ്യുത് എന്നിവമൂലം ഒഴിഞ്ഞു കിടന്നിരുന്ന തസ്തികകളാണ് ഇപ്രകാരം പുനർവിന്യസിച്ചിട്ടുള്ളത്. ആയതിനാൽ തസ്തിക പുനർവിന്യസിച്ചതിന്റെ ഭാഗമായി ഈ വകുപ്പിൽ നിന്നും നിലവിലുള്ള ജീവനക്കാരെ ആരെയും മറ്റു വകുപ്പുകളിലേക്ക് മാറ്റേണ്ടതായി വന്നിട്ടില്ല. |
| (ബി) | ഇപ്രകാരം ജീവനക്കാരെ മറ്റ് വകുപ്പുകളിൽ പുനർവിന്യസിച്ചതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ; | (ബി) | ജി.എസ്.ടി നടപ്പിലാക്കിയതോടെ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ അധികം വന്ന തസ്തികകൾ പഞ്ചായത്തുകളിലേക്ക് വിന്യസിക്കേണ്ടതാണ് എന്ന് 2020-2021 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇപ്രകാരം 234 |

| | | | |
|---|---|---|---|
| | | | ഓഫീസ് അറ്റൻഡന്റ് തസ്തികകൾ വകുപ്പിൽ അധികമായുള്ളതായി കണ്ടെത്തുകയുണ്ടായി. 25.01.2020 തീയതിയിലെ സ.ഉ(കൈ) നം.14/2020/നികുതി, 29/05/2020 തീയതിയിലെ സ.ഉ (കൈ) നം.46/2020/നി.വ എന്നീ ഉത്തരവുകൾ പ്രകാരം ആകെ 26 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലേക്കും, 02/07/2021 തീയതിയിലെ സ.ഉ (കൈ) നം.35/2021/നികുതി പ്രകാരം 208 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ പഞ്ചായത്ത് വകുപ്പിലേക്കും, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ കേഡർ സ്ട്രെങ്ങ്താതിൽ നിന്നും കുറവ് വരുത്തിയശേഷം മാറ്റി വിന്യസിച്ചിട്ടുണ്ട്. വിരമിക്കൽ, ബൈ ട്രാൻസ്ഫർ, പ്രൊമോഷൻ, പുതിയ ജോലി ലഭിച്ചു കാരണം വകുപ്പിൽ നിന്നും വിട്ടുതൽ ചെയ്തത് എന്നിവമൂലം ഒഴിഞ്ഞു കിടന്നിരുന്ന തസ്തികകളാണ് ഇപ്രകാരം പുനർവിന്യസിച്ചിട്ടുള്ളത്. ആയതിനാൽ തസ്തിക പുനർവിന്യസിച്ചതിന്റെ ഭാഗമായി ഈ വകുപ്പിൽ നിന്നും നിലവിലുള്ള ജീവനക്കാരെ ആരെയും മറ്റ വകുപ്പുകളിലേക്ക് മാറ്റേണ്ടതായി വന്നിട്ടില്ല. |
| (സി) | ജി.എസ്.ടി. വകുപ്പിൽ ജോലി ചെയ്യുന്ന മറ്റ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ വേറെ വകുപ്പുകളിലേക്ക് പുനർവിന്യസിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇതു സംബന്ധിച്ച തീരുമാനങ്ങളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ